**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2541** **07-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുത ലൈനുകൾക്ക് സമീപം ലോഹനിർമ്മിത വസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ ബോധവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുത ലൈനുകൾക്ക് സമീപം ലോഹനിർമ്മിതമായ തോട്ടിയും, ഏണിയും ഉപയോഗിക്കുമ്പോൾ അപകടവും ജീവാപായവും സംഭവിക്കുന്നത് വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുത ലൈൻ കടന്നുപോകുന്നതിന് സമീപം ലോഹനിർമ്മിത വസ്തുക്കൾ ഉപയോഗിക്കുന്നതിന്റെ അപകടം പൊതുജനങ്ങൾക്ക് ബോധ്യപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | വൈദ്യുത ലൈനുകൾക്ക് സമീപം നിൽക്കുന്ന വൃക്ഷങ്ങളിൽ നിന്നും വിളവെടുക്കുമ്പോഴും ലോഹ നിർമ്മിത ഏണികൾ ഉപയോഗിക്കുമ്പോഴും ലൈനിൽ തട്ടിയുണ്ടാകുന്ന അപകടങ്ങൾ ഗണ്യമായി കൂടി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ പൊതുജനങ്ങളെ ഇത്തരം അപകടങ്ങളെ കുറിച്ച് കൂടുതൽ ബോധവാന്മാർ ആക്കുന്നതിനായി മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനു വേണ്ട ശബ്ദ സന്ദേശവും ഹ്രസ്വ വീഡിയോയും കെ.എസ്.ഇ.ബി.എൽ-ന്റെ PRD വിഭാഗം തയ്യാറാക്കി എല്ലാ പൊതുജനങ്ങളിലും എത്തിച്ചിട്ടുണ്ട്. സെക്ഷൻ തലത്തിൽ ഇപ്രകാരം മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ കൈകൊള്ളുകയും വീഡിയോ ക്ലിപ്പിംഗ് സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ചും പൊതുജനങ്ങളെ ബോധവല്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷൻ മുഖേന വൈദ്യുതി സുരക്ഷയെ സംബന്ധിച്ച ലഘു ലേഖകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. വിദ്യാർത്ഥികൾക്കിടയിൽ സുരക്ഷാ ബോധ വല്കരണം നടത്തുന്നതിനായി അദ്ധ്യാപക-വിദ്യാർത്ഥി വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഒരു ആഴ്ചത്തെ പവർ പോയിന്റ് പ്രസന്റേഷൻ നടത്താനുള്ള നടപടിയും സ്വീകരിച്ചു.<br><br>പൊതുജനങ്ങളെ വൈദ്യുതി മൂലമുള്ള അപകടങ്ങളെ കുറിച്ച് കൂടുതൽ ബോധവന്മാർ ആക്കുന്നതിനായി വിദ്യാഭ്യാസം, ദുരന്ത നിവാരണ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് വിഭാഗങ്ങളുടെ സഹകരണവും അഭ്യർത്ഥി ച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വൈദ്യുതി ലൈനിനു സമീപം ലോഹത്തോട്ടി ഉപയോഗിക്കുന്നതിന്റെ അപകടത്തെപ്പറ്റി പൊതു ജനങ്ങളെ ബോധവൽ ക്കരിക്കുന്നതിനായി ഒരു മിനിറ്റ് ദൈർഘ്യം വരുന്ന ലഘുചിത്രം നിർമ്മിച്ച് പൊതുജന മധ്യത്തിൽ ദേശീയ വൈദ്യുതി സുരക്ഷാവാരമായ 2022 ജൂൺ 26 മുതൽ ജൂലൈ 2 വരെ പ്രദർശിപ്പിക്കാൻ തീരു മാനിച്ചിട്ടുണ്ട്. ഇത് കൂടാതെ മലയാള സിനിമയിലെ മുൻനിര താരത്തെ ഉൾപ്പെടുത്തി ഒരു സന്ദേശ പരസ്യം കൂടി ദൃശ്യമാധ്യമങ്ങളിൽ കൂടി പ്രദർശിപ്പിക്കുവാൻ ചിത്രീകരിച്ചിട്ടുണ്ട്.<br><br>ദേശീയ വൈദ്യുതി സുരക്ഷാവാരത്തിൽ വൈദ്യുതി സുരക്ഷ സംബന്ധിച്ച് മലയാളം എഫ്.എം. റേഡിയോ ചാനലുകളായ ക്ലബ് എഫ്.എം., റെഡ് എഫ്.എം., റേഡിയോ മാംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്.എം. എന്നിവയിൽ ദിനംപ്രതി 8 തവണ 30 സെക്കന്റ് വീതമുള്ള പരസ്യം പ്രക്ഷേപണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>വൈദ്യുതി അപകടങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ആവശ്യം വേണ്ട ജാഗ്രത പാലിക്കുന്നതിന് അവബോധം നൽകുന്ന ശബ്ദസന്ദേശം കേരളത്തിലുടനീളം കെ.എസ്.ഇ. ബി.എൽ-ന്റെ എല്ലാ സെക്ഷൻ കാര്യാലയങ്ങൾ വഴി പൊതുജന മധ്യത്തിൽ വാഹന അറിയിപ്പായി നടപ്പിലാക്കി. |
| (ബി) | ലോഹനിർമ്മിത തോട്ടികളും, ഏണിയും ഒഴിവാക്കി പിവിസി /എഫ്ആർപി (ഫൈബർ -റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് ) തുടങ്ങിയ വൈദ്യുതി പ്രതിരോധശേഷിയുള്ള വസ്തുക്കൾ വ്യാപകമാക്കുന്നതിന് വേണ്ട ഇടപെടലുകൾ വകുപ്പ് ഏറ്റെടുക്കുമോയെന്ന് അറിയിക്കാമോ? | (ബി) | വൈദ്യുത ലൈനുകൾക്ക് സമീപം ചക്ക, മാങ്ങ തുടങ്ങിയ ഫലങ്ങൾ അടർത്തി എടുക്കുന്നതിനായി ലോഹ തോട്ടികൾ ഉപയോഗിക്കുന്ന തുമൂലം സംഭവിക്കുന്ന വൈദ്യുത അപകടങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.<br>ഇതിന് പരിഹാരമെന്ന നിലയിൽ ലോഹ തോട്ടികൾകൾക്ക് പകരം വൈദ്യുതി പ്രതിരോധ ശേഷിയുള്ള ഇൻസുലേറ്റഡ് മെറ്റീരിയലുകൾ ഉപയോഗിച്ചുള്ള തോട്ടികൾ ഉപയോഗിക്കുന്നതിനായി പൊതുജനങ്ങളെ പ്രേരിപ്പിക്കാനുള്ള ഉദ്യമം കെ.എസ്.ഇ.ബി.എൽ- ന്റെ പരിഗണനയിൽ ആണ്. |

സെക്ഷൻ ഓഫീസർ